KERALA STATE ELECTRICITY BOARD LIMITED
(Incorporated under the Companies Act, 1956) CIN:U40100KL2011SGC027424
Reg. Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004 Website: www.kseb.in
Office of the Director (Distribution, IT & HRM)
Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004, Kerala
Phone: +91 471 2514685, 2514331, Fax: 0471 2447228 E-mail: ddkseb@kseb.in

**D (D, IT & HRM)/ COVID 19/ 2019 – 2020/11** **05.05.2020**

## പരിപത്രം

വിഷയം: കോവിഡ് 19 പ്രതിരോധനടപടികൾ - കെ.എസ്.ഇ.ബി ഓഫീസ് പ്രവർത്തനം സംബന്ധിച്ച തുടർനിർദ്ദേശങ്ങൾ

സൂചന :
1. 19.03.2020ലെ പരിപത്രം നമ്പർ DGE/Circular/2019-2020/
2. 19.03.2020ലെ പരിപത്രം നമ്പർ PS1(B)/COVID-19/മുൻകരുതൽ/2020
3. 23.03.2020ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020
4. 24.03.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/2
5. 25.03.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/3
6. 31.03.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/5
7. 18.04.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/6
8. 21.04.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/7
9. 27.04.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/8
10. 29.04.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/9
11. 30.04.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/10

കെ.എസ്.ഇ.ബി ക്യാഷ് കൗണ്ടറിലെ തിക്കും-തിരക്കും നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 2020 മേയ് 4 മുതൽ 16 വരെ തിയതികളിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ക്യാഷ് കൗണ്ടർവഴി വൈദ്യുതി ചാർജ്ജ് ഒഴികെയുള്ള മറ്റ് പണമിടപാടുകൾ ഉണ്ടായിരിക്കുന്നതല്ല എന്നും അത്തരം ആവശ്യങ്ങൾക്ക് ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിക്കാവുന്നതാണ് എന്നും സൂചന 11 പരിപത്രത്തിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ നിലവിൽ താത്കാലിക വൈദ്യുതികണക്ഷൻ ലഭിക്കുന്നതിനും മറ്റുമുള്ള എസ്റ്റിമേറ്റ് തുക ഓൺലൈൻ ആയി അടയ്ക്കാൻ സാധിക്കുന്നില്ല. ക്യാഷ് കൗണ്ടറിൽ തിരക്ക് കുറവുള്ള പക്ഷം പുതിയ കണക്ഷനുകൾ, ഡെപ്പോസിറ്റ് വർക്കുകൾ, താരിഫ് മാറ്റം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള പണമിടപാടുകൾ അനുവദിക്കാവുന്നതാണ് എന്ന അഭിപ്രായം ഉയർന്നിട്ടുണ്ട്.

സൂചന 5 പരിപത്രം പ്രകാരം ലോക്ക്ഡൗൺ കാലയളവിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ ഇലക്ട്രിക്കൽ സർക്കിൾ അടിസ്ഥാനത്തിൽ കൺട്രോൾ റൂമായി രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ രണ്ടു ഷിഫ്റ്റുകളായി പ്രവർത്തിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരുന്നു. നിലവിലെ സാഹചര്യങ്ങളിൽ രണ്ട് ഷിഫ്റ്റുകളായി തുടരേണ്ടതില്ല എന്നും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ തങ്ങളുടെ സാധാരണ ഡ്യൂട്ടിയുടെ ഭാഗമായി കോവിഡ് 19 പ്രതിരോധനടപടികളുമായി ബന്ധപ്പെട്ട ഏകോപനപ്രവർത്തനങ്ങൾ തുടർന്നാൽ മതിയാകും എന്നും 'കോവിഡ് സെൽ' ചൂണ്ടിക്കാട്ടി.



(Incorporated under the Indian Companies Act, 1956)CIN:U40100KL2011SGC027424
Reg. Office: VydyuthiBhavanam, Pattom, Thiruvananthapuram – 695 004 Website: www.kseb.in

Scanned with CamScanner

അതനുസരിച്ച ലോക്ക്ഡൗൺ കാലയളവിൽ കെ.എസ്.ഇ.ബി. ഓഫീസുകളിൽ ചുവടെപ്പറയുന്ന പുന:ക്രമീകരണങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു.

1. ഉച്ചതിരിഞ്ഞ് 1 മണി മുതൽ 4 മണിവരെയുള്ള സമയം ഇലക്ട്രിക്കൽ സെക്ഷനുകളിലെ ക്യാഷ് കൗണ്ടറുകളിൽ പുതിയ കണക്ഷനുകൾ, ഡെപ്പോസിറ്റ് വർക്കുകൾ, താരിഫ് മാറ്റം തുടങ്ങി മറ്റ് ആവശ്യങ്ങളുമായി ബന്ധപ്പെട്ട പണമിടപാടുകൾ അനുവദിക്കാവുന്നതാണ്
2. കോവിഡ് 19 പ്രതിരോധനടപടികളുമായി ബന്ധപ്പെട്ട ഏകോപന പ്രവർത്തനങ്ങൾക്കായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്ന കൺട്രോൾ റൂമുകൾക്ക് ഷിഫ്റ്റ് സംവിധാനം തുടരേണ്ടതില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഏൽപ്പിച്ചിട്ടുള്ള മറ്റ് ചുമതലകൾ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ തുടരേണ്ടതാണ്.

**വിതരണവും, ഐ.റ്റി.യും മനുഷ്യ വിഭവ ശേഷിയും വിഭാഗം ഡയറക്ടർ**

എല്ലാ വകുപ്പ മേധാവികൾക്കും